# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2616 — 12.03.2018-ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ

| ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ അടച്ചു പൂട്ടുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതിനോടകം എത്ര സ്ഥാപനങ്ങൾ ഇപ്രകാരം അടച്ചു പൂട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) 2018-2019 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അടച്ചു പൂട്ടുന്നതിന് നോട്ടീസ് നൽകി തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഇപ്രകാരം പ്രവർത്തിച്ചു വരുന്ന എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെന്ന വിശദാംശം നൽകാമോ; | (ബി) 1091 സ്കൂളുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇപ്രകാരമുള്ള സ്കൂളുകൾക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള അംഗീകാരം നേടിയെടുക്കുന്നതിനും മറ്റുമായി ആവശ്യത്തിന് സമയം നൽകിയിരുന്നോ എന്ന് അറിയിക്കാമോ; വിശദീകരിക്കാമോ? | (സി) 2009 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരവും 2011 - ലെ വിദ്യാഭ്യാസ അവകാശ ചട്ടപ്രകാരവും അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാന പാഠ്യ പദ്ധതിയിൽ അംഗീകാരം നൽകുന്നതിനായി നടപടി സ്വീകരിച്ചിരുന്നു. പ്രസ്തുത ചട്ടത്തിലെ ചട്ടം (14) പ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നിശ്ചിത മാനദണ്ഡം പാലിച്ചുകൊണ്ട് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. അതിൻപ്രകാരം 10.06.2013 - ലെ സ.ഉ. (കൈ) നം. 184/2013/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ സംസ്ഥാന പാഠ്യപദ്ധതിയിൽ അംഗീകാരം നേടുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും 31.07.2013 - വരെ അപേക്ഷ |

സമർപ്പിക്കുന്നതിന് സമയം അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് മൂന്ന് ഘട്ടങ്ങളിലായി സമയം ദീർഘിപ്പിച്ചു നൽകുകയും 31.12.2014 വരെ അപേക്ഷ സമർപ്പിക്കുന്നതിന് സ്കൂളുകൾക്ക് അവസരം നൽകുകയും ചെയ്യുകയുണ്ടായി. ആവശ്യമായ സമയം നൽകിയശേഷമാണ് നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച 395 സ്കൂളുകൾക്ക് അംഗീകാരം നൽകി ഉത്തരവായത്.

സെക്ഷൻ ഓഫീസർ